## കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ - 20
## അമേച്വർ നാടക മത്സര നിയമാവലി

1. ഈ നാടകമത്സരത്തിന് കേരള സംഗീത നാടക അക്കാദമി അമേച്വർ നാടക മത്സരം എന്നായിരിക്കും പേര്.

2. അക്കാദമിയിൽ അഫിലിയേറ്റ് ചെയ്യാത്ത സമിതികൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

3. ആവശ്യമുള്ളപക്ഷം മേഖലാതലത്തിൽ മത്സരം നടത്തുന്നതാണ്.

4. ഗ്രേഡ് അനുസരിച്ചായിരിക്കും നാടകങ്ങൾ തെരഞ്ഞെടുക്കുക.

5. മേഖലാ മത്സരങ്ങൾ ഉണ്ടെങ്കിൽ അതും സംസ്ഥാന മത്സരവും അക്കാദമി നിർവ്വാഹകസമിതി തീരുമാനിക്കുന്ന സ്ഥലത്തുവെച്ചായിരിക്കും നടത്തുക.

6. നാടകമത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ അപേക്ഷയോടൊപ്പം സ്ക്രിപ്റ്റിന്റെ മൂന്നു കോപ്പികളും താഴെ എഴുതിയവിധം അയച്ചിരിക്കേണ്ടതാണ്.

എ) മത്സരത്തിൽ പങ്കെടുക്കാനുള്ള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ നാടകരചയിതാവിന്റെയും നാടകം അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ/ മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെയും ഒപ്പോടുകൂടി അക്കാദമി പ്രസിദ്ധപ്പെടുത്തുന്ന നിശ്ചിത തിയതിക്കകം അയച്ചിരിക്കണം.

ബി) നാടകസ്ക്രിപ്റ്റിന്റെ ഡി.ടി.പി ചെയ്ത മൂന്നു കോപ്പികൾ അയക്കണം. അവ തിരികെ ലഭിക്കുന്നതല്ല. നാടകത്തിന്റെ സ്ക്രിപ്റ്റ് കോപ്പിയിൽ അവതരിപ്പിക്കുന്ന സംഘത്തിന്റേയോ നാടകൃത്തിന്റേയോ പേരുംവിലാസവും ഉണ്ടായിരിക്കരുത്.

സി) സംസ്ഥാന മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ നാടക കൃത്തിന്റേയും സംവിധായകന്റേയും പ്രധാന നടന്റെയും നടിയുടേയും പാസ്പോർട്ട് സൈസ് ഫോട്ടോകളുടെ 2 വീതം കോപ്പികൾ ഫോട്ടോയുടെ പിന്നിൽ പേരെഴുതി മത്സരത്തിനുമുമ്പ് അയച്ചുതരണം.

7. സംസ്ഥാനതലത്തിൽ നടക്കുന്ന മത്സരത്തിൽ നിന്നാണ് സമ്മാനാർഹരെ തെരഞ്ഞെടുക്കുന്നത്. (നാടകരചന ഒഴികെ)

8. അവതരണാനുമതി ലഭിക്കുന്ന നാടകസംഘങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും നാടകം അവതരിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇക്കാര്യം ഉറപ്പു നൽകുന്ന ഒരു കരാർ 50 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട് നല്കേണ്ടതാണ്.

9. മൂന്നുവിദഗ്ധരും സെക്രട്ടറിയോ, സെക്രട്ടറി നിർദ്ദേശിക്കുന്ന വ്യക്തിയോ അടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയായിരിക്കും വിധി നിശ്ചയിക്കുന്നത്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും. അക്കാദമി തിരുമാനിക്കുന്ന ജഡ്ജിംഗ് കമ്മിറ്റിയെകുറിച്ച് ആക്ഷേപമുന്നയിക്കാൻ നാടകസംഘങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

10. മത്സരങ്ങൾക്കുള്ള വിധികർത്താക്കളെ യഥാസമയം തീരുമാനിക്കേണ്ടത് അക്കാദമി നിർവ്വാഹകസമിതിയാണ്.

11. മത്സരിക്കുന്നതിന് സമർപ്പിക്കപ്പെടുന്ന നാടകങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾക്കു വിധേയമായിരിക്കണം.

എ) അവതരിപ്പിക്കാനുദ്ദേശിക്കുന്ന നാടകത്തിന്റെ കോപ്പികൾ അയക്കേണ്ടത് നാടകം അവതരിപ്പിക്കുന്ന സംഘം മുഖേനയായിരിക്കണം.

ബി) നാടകത്തിന്റെ അവതരണ ദൈർഘ്യം ഒരു മണിക്കൂറിനും ഒന്നര മണിക്കൂറിനും ഇടയിലായിരിക്കണം

സി) ഇതിനുമുൻപ് അവതരിപ്പിച്ച നാടകങ്ങൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

ഡി) നോവൽ, ചെറുകഥ, കവിത എന്നിവയുടെ പുതിയ നാടകരൂപങ്ങൾ മത്സരത്തിന് സ്വീകരിക്കുന്നതാണ്.

ഇ) ഒരു സമിതി ഒന്നിൽ കൂടുതൽ നാടകങ്ങൾ മത്സരത്തിനയക്കുവാൻ പാടുള്ളതല്ല.

12. സ്വതന്ത്രവും മൗലികവുമായ മലയാള നാടകങ്ങൾ മാത്രമേ നാടകരചനക്കുള്ള അവാർഡിന് പരിഗണിക്കുകയുള്ളൂ.

13. ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിന്റെ അർത്ഥത്തെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അതിനെപറ്റി അവസാന വിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

14. ഈ നാടകമത്സരത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശ്ശൂരായിരിക്കും.

15. സംസ്ഥാന മത്സരത്തിൽ സമ്മാനാർഹരാകുന്നവർക്ക് താഴെപ്പറയുന്ന വിധത്തിൽ കാഷ് അവാർഡും, സർട്ടിഫിക്കറ്റും, ഫലകവും നല്കുന്നതാണ്.

| | ഒന്നാം സമ്മാനം | രണ്ടാം സമ്മാനം |
|---|---|---|
| ഏറ്റവും നല്ല അവതരണം | 50,000/- രൂപ | 25,000/- രൂപ |
| രചന | 20,000/- രൂപ | 15,000/- രൂപ |
| സംവിധാനം | 20,000/- രൂപ | 15,000/- രൂപ |
| നടൻ | 15,000/- രൂപ | 10,000/- രൂപ |
| നടി | 15,000/- രൂപ | 10,000/- രൂപ |

16. മേഖലാ നാടക മത്സരങ്ങളുടെ അവതരണ ചിലവിലേക്കായി 20,000/- രൂപയും റണ്ണിംഗ് കിലോമീറ്ററിന് 15 രൂപ നിരക്കിൽ യാത്രാപ്പടിയും അനുവദിക്കുന്നതാണ്.

17. സംസ്ഥാന നാടകമത്സരത്തിലേക്ക് തിരഞ്ഞെടുക്കുന്ന നാടക സംഘങ്ങൾക്ക് അവതരണ ചെലവായി 50,000/- രൂപ നൽകുന്നതാണ്. കൂടാതെ കിലോമീറ്ററിന് 15/-രൂപ നിരക്കിൽ യാത്രാപ്പടിയും അനുവദിക്കുന്നതാണ്.

## കേരള സംഗീത നാടക അക്കാദമി, തൃശൂർ -20
## സംസ്ഥാന അമേച്വർ നാടകമത്സരം
## അപേക്ഷാഫോറം

| | |
|---|---|
| 1. അപേക്ഷിക്കുന്ന നാടകസംഘത്തിന്റെ/ കലാസംഘടനയുടെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ലയുടെ പേരും, പിൻകോഡും) | |
| 2. ഫോൺ നമ്പർ, ഇമെയിൽ | |
| 3. മത്സരത്തിനയയ്ക്കുന്ന നാടകത്തിന്റെ പേര് | |
| 4. നാടകകൃത്തിന്റെ പേര് | |
| 5. നാടകം അവതരിപ്പിക്കുന്നതിന് വേണ്ടിവരുന്ന സമയം | |

ഈ അപേക്ഷയോടൊപ്പം അയക്കുന്ന നാടകം അച്ചടിച്ചു പ്രസിദ്ധീകരിക്കുകയോ അവതരിപ്പിക്കുകയോ പ്രക്ഷേപണം ചെയ്യുകയോ ചെയ്തിട്ടില്ല. ഈ നാടകം ഞാൻ സ്വന്തമായി രചിച്ചിട്ടുള്ളതാണ്. ഈ നാടക അവതരണത്തിന് തെരഞ്ഞെടുക്കുകയാണെങ്കിൽ അവതരിപ്പിക്കുന്നതിന് മേൽപറഞ്ഞ നാടക സംഘത്തിന് / കലാസംഘടനക്ക് പൂർണ്ണാധികാരം നൽകിയിരിക്കുന്നു.

സ്ഥലം : നാടകകൃത്തിന്റെ ഒപ്പ് :

തീയതി: പേരും മേൽവിലാസവും :

1. മേൽപ്പറഞ്ഞ വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

2. നാടകമത്സര നിയമാവലിയിലെ വ്യവസ്ഥകൾ അനുസരിച്ച് മത്സരത്തിൽ പങ്കെടുക്കാൻ ഞങ്ങൾ തയ്യാറാണെന്നും, കേരള സംഗീത നാടക അക്കാദമി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഞങ്ങളുടെ നാടകം അവതരിപ്പിച്ചു കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

നാടകസംഘം / കലാസംഘടനക്കുവേണ്ടി

സീൽ

സെക്രട്ടറിയുടെ പേരും
ഒപ്പും:

പൂർണ്ണമായ മേൽവിലാസവും :

സ്ഥലം :

തീയതി: